# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1971

13.06.2019 ലെ മറുപടിയ്ക്ക്

## വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയ കേസ്സ്

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി സബ്ട്രഷറികളിൽ നിന്നും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയ കേസ്സിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; | (എ) & (ബി) | ചങ്ങരംകുളം, പൊന്നാനി സബ് ട്രഷറികളിൽ നിന്നും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയതായി ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ പരാതി നൽകിയിട്ടില്ല.<br>എന്നാൽ പൊന്നാനി സബ് ട്രഷറിയിലെ മുൻ ജീവനക്കാരനായിരുന്ന സന്തോഷ് എന്നയാൾ ഓഫീസിനകത്തു കടന്ന് അലമാരയിൽ സൂക്ഷിച്ചിരുന്ന ചില (FD) സർട്ടിഫിക്കറ്റുകൾ മോഷണം ചെയ്തുകൊണ്ടുപോയതുമായി ബന്ധപ്പെട്ട് സബ് ട്രഷറി ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പി.എസ്. ക്രൈം നമ്പർ 529/2018 u/s 461, 381 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ടി കേസ്സിലെ പ്രതിയായ സന്തോഷ് എന്നയാളെ 5.11.2018 തീയതിയിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.<br>കേസിൽ മോഷണം പോയിട്ടുള്ളതായ ഫിക്സഡ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കോൺട്രാക്ടർമാർ ഈടായി നൽകിയത് വട്ടംകുളം, എടപ്പാൾ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 25 ഓളം സർട്ടിഫിക്കറ്റുകൾ മഹസ്സർ പ്രകാരം ബന്തവസ്സിൽ എടുത്തിട്ടുള്ളതുമാണ്. ഈ കേസ് ഇപ്പോൾ അന്വേഷണവസ്ഥയിലാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട കേസ്സിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ